പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1887 01.11.2019-ലെ മറുപടിക്ക്

# കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ പൊതു ഗതാഗത സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിലമ്പൂരിൽ നിന്ന് കൊച്ചുവേളിയിലേക്കും തിരിച്ചും സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ് യാത്ര പുറപ്പെടുന്ന/എത്തിച്ചേരുന്ന സമയത്ത് യാത്രക്കാർക്ക് സൗകര്യ പ്രദമാംവിധം കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ കെ.എസ്.ആർ.ടി.സി. ബസുകൾ അധികമായി സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ; | (എ) | രാജ്യറാണി എക്സ്പ്രസ് കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ എത്തുന്നത് പരിഗണിച്ച് രാവിലെ 05.30 മണിയ്ക്ക് 2 എ.സി ജൻറം ബസ്സുകളും, ഒരു സിറ്റി ഫാസ്റ്റ് ബസ്സും കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന രീതിയിലും, ട്രെയിൻ വന്നതിനുശേഷം തിരുവനന്തപുരത്തേയ്ക്ക് യാത്രക്കാരുമായി സർവ്വീസ് നടത്തുന്ന രീതിയിലും ക്രമീകരിച്ചിട്ടുണ്ട്. രാത്രി 08.50-ന് പുറപ്പെടുന്ന രാജ്യറാണി എക്സ്പ്രസിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ സൗകര്യാർത്ഥം വൈകുന്നേരം 06.30, 06.40, 07.50 എന്നീ സമയങ്ങളിൽ ആൾസെയിൻസ്, മാധവപുരം വഴി കടന്നു പോകുന്ന 3 സിറ്റി ഫാസ്റ്റ് സർവ്വീസുകളും ക്രമീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് റെയിൽവേ സ്റ്റേഷന്റെ ടെർമിനൽ 1 ൽ (മാധവപുരം) സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതുമാണ്. കൂടാതെ കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ അധികാരികൾ ആവശ്യപ്പെടുന്ന സമയത്തും കെ.എസ്.ആർ.ടി.സി അധിക സർവ്വീസുകൾ നടത്തി വരുന്നുണ്ട്. |
| (ബി) | പ്രീ-പെയ്ഡ് ഓട്ടോ സംവിധാനം കൊച്ചുവേളിയിൽ അധികമായി ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | 23.07.2019-ന് ചേർന്ന ട്രാഫിക് അഡ്വൈസറി കമ്മിറ്റി യോഗത്തിൽ കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ പരിസരത്ത് പ്രീ-പെയ്ഡ് ഓട്ടോ കൗണ്ടർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ